# പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1377 06.02.2020 ൽ മറുപടിക്ക്

**വില്ലേജാഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസർ തസ്തിക അപ് ഗ്രേഡ് ചെയ്യാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | റവന്യൂ വകുപ്പിൽ എച്ച്.സി./ആർ.ഐ./വി.ഒ. തസ്തികകൾ ഒരേ ശമ്പള സ്കെയിലിലും ഒരേ സീനിയോറിറ്റി പട്ടിക പ്രകാരമുള്ളതും പരസ്പരം മാറാവുന്നതുമായ തസ്തികകളായിരുന്നു. പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ വില്ലേജ് ആഫീസർമാർക്ക് 29200-62400 എന്ന സ്കെയിലിലും എച്ച്.സി./ആർ.ഐ. തസ്തികയ്ക്ക് 27800-59400 എന്ന സ്കെയിലിലും അനുവദിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ആഫീസർ തസ്തികയുടെ പദവിയും ആനുകൂല്യങ്ങളും ഉയർത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) വില്ലേജ് ഓഫീസർമാർക്കായി പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ അനുവദിച്ച പ്രത്യേക ശമ്പള സ്കെയിൽ ഇപ്പോഴും അവർക്ക് ലഭ്യമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | | |
| (സി) വില്ലേജോഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) &(ഡി) | സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) അമ്പത് ശതമാനം വില്ലേജ്-ഫീൽഡ് അസിസ്റ്റന്റ് തസ്തിക അപ് ഗ്രേഡ് ചെയ്ത് വില്ലേജാഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ